23 (*83) അലങ്കാര പുഷ്പകൃഷി

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലങ്കാര പുഷ്പകൃഷി വ്യാപകമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര ഫ്ളോറി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഫ്ളോറിക്ലബ്ബുകൾ മുഖേന അലങ്കാര പുഷ്പകൃഷി വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) അലങ്കാര പുഷ്പകൃഷി നടത്തുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുവാനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഈ സാമ്പത്തിക വർഷം എൺപതു ഫ്ളോറി ക്ലബ്ബുകൾ രൂപീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി)&(ഡി) പുഷ്പകൃഷി വ്യാപകമാക്കുന്നതിന് ഫ്ളോറി ക്ലബ്ബുകൾ മുഖേന താഴെ പറയുന്ന പ്രോത്സാഹനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു.

1. ഫ്ളോറി ക്ലബ്ബ് അംഗങ്ങൾക്ക് പുഷ്പകൃഷിയിൽ ശാസ്ത്രീയ പരിശീലനം.

2. ദേശീയ അന്തർദേശീയ വിപണിയിൽ വിപണന സാധ്യതയുള്ള പുഷ്പങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുതകുന്ന തൈകൾ 50% സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

3. ക്ലബ്ബ് അംഗങ്ങൾക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മുഖേന 6% പലിശ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കും.

4. ക്ലബ്ബ് അംഗങ്ങൾ ഉല്പ്പാദിപ്പിക്കുന്ന പുഷ്പങ്ങൾക്ക് നല്ല വില ലഭ്യമാക്കുംവിധം വിപണന സൗകര്യം ഏർപ്പെടുത്തുക.

5. അലങ്കാര ചെടികൾ നട്ടുവളർത്തുന്നതിനാവശ്യമായ ഗ്രീൻഹൗസ്, ഷെഡ്നെറ്റ് എന്നിവയുടെ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകും.

6. പുഷ്പകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ദൈനംദിന ഉപദേശം നൽകുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കും.

24 (*84) പുഷ്പകൃഷി വികസിപ്പിക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :

LIBRARY ARCHIVES Kerala Legislative Assembly